## ദൈവത്തിന്റെ സുപ്രസാദം

**I. ദൈവത്തിന്റെ സുപ്രസാദം മനുഷ്യനുമായി ഒന്നായിരിക്കുന്നതും മനുഷ്യനെ ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും അവനെപ്പോലെ ആക്കുന്നതുമാണ്**

**എഫെ 1:4** സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം

**എഫെ 1:5** അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു

## ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ള ദൈവമക്കൾ

**II. ദൈവത്തിന്റെ മക്കളെന്ന നിലയിൽ, നമ്മൾ ദൈവത്തിൽനിന്ന് ജനിച്ചവരും, ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ളവരും, ദൈവവർഗത്തിൽ പ്പെട്ടവരുമായ ദൈവമനുഷ്യരാണ്**

- ദൈവമാണ് നമ്മുടെ സാക്ഷാൽ, യഥാർഥ പിതാവ്, നാം അവന്റെ സാക്ഷാൽ, യഥാർഥ മക്കളുമാണ്
- പ്രപഞ്ചത്തിലെ ഏറ്റവും വലിയ അത്ഭുതം മനുഷ്യർക്ക് ദൈവത്തിൽ നിന്ന് ജനിക്കുവാൻ കഴിയുമെന്നും പാപികളെ ദൈവത്തിന്റെ മക്കളാക്കാൻ കഴിയുമെന്നുമാണ്
- അത്തരമൊരു അത്ഭുതകരമായ ദിവ്യജനനത്തിലൂടെ നമ്മുടെ ആളത്തത്തിലേക്ക് വിതച്ച ദിവ്യവിത്തെന്ന നിലയിൽ നമുക്ക് ദിവ്യജീവൻ, നിത്യജീവൻ ലഭിച്ചു, നാം നാം ദിവ്യ വ്യക്തികളായിത്തീർന്നു
- ദൈവമക്കളായതിനാൽ, നമുക്ക് ദൈവത്തിന്റെ അനുകാരികൾ ആകുവാൻ കഴിയും
- പിതാവിന്റെ മക്കളെന്ന നിലയിൽ, നമ്മുടെ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമുക്കും തികഞ്ഞവരായിരിക്കുവാൻ കഴിയും

## ദൈവത്തെ സ്നേഹമായും വെളിച്ചമായും അറിയുകയും അനുഭവമാക്കുകയും ചെയ്യുന്നത്

**III. നാം ദൈവത്തെ സ്നേഹമായും വെളിച്ചമായും അറിയുകയും അനുഭവമാക്കുകയും വേണം**

**1 യോഹ. 4:8** സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

**1 യോഹ. 4:16** ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

**1 യോഹ. 1:5** ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു

- സ്നേഹവും വെളിച്ചവും വാസ്തവത്തിൽ ദൈവം തന്നെയാണ്; അവ ദൈവത്തിന്റെ ആളത്തം, അവന്റെ സാരാംശമാണ്
- 1 യോഹന്നാൻ ദൈവം വെളിച്ചമാണെന്നും (1:5) ദൈവം സ്നേഹമാണെന്നും (4:8, 16) പറയുന്നു.
- ദൈവസാരാംശത്തിന്റെ സ്വഭാവമെന്ന നിലയിൽ സ്നേഹം കൃപയുടെ സ്രോതസ്സാണ്, ദൈവാവിഷ്കാരത്തിന്റെ സ്വഭാവമെന്ന നിലയിൽ വെളിച്ചം സത്യത്തിന്റെ സ്രോതസ്സാണ്.
- ദിവ്യസ്നേഹം നമുക്ക് പ്രകടമാകുമ്പോൾ, അത് കൃപയായിത്തീരുന്നു; ദിവ്യവെളിച്ചം നമ്മുടെമേൽ പ്രകാശിക്കുമ്പോൾ അത് സത്യമായിത്തീരുന്നു.

## സ്നേഹത്തിലും വെളിച്ചത്തിലും നടക്കുന്നത്

**IV. ദൈവമക്കളായ നാം സ്നേഹത്തിലും വെളിച്ചത്തിലും നടക്കണം**

- കൃപയും സത്യവും 4:17-32-ലെ അടിസ്ഥാന മൂലകങ്ങളാകുന്നതുപോലെ, സ്നേഹവും വെളിച്ചവും 5:1-33-ലുള്ള പൗലൊസിന്റെ പ്രബോധനത്തിന്റെ അടിസ്ഥാന മൂലകങ്ങളാണ്.
- "ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ"—എഫെ. 5:2
- "ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു; വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ"—എഫെ. 5:8, 9
  - നാം വെളിച്ചത്തിന്റെ മക്കളായി നടന്നാൽ, എഫെസ്യർ 5:10-ൽ വിവരിച്ചിരിക്കുന്ന ഫലം നാം പുറപ്പെടുവിക്കും: നന്മ നീതി സത്യം
  - നന്മയെന്ന നിലയിൽ പിതാവായ ദൈവം വെളിച്ചത്തിന്റെ ഫലത്തിന്റെ സ്വഭാവമാണ്; അതിനാൽ, നന്മ എന്നത് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നു
  - നീതി എന്നത് പുത്രനായ ദൈവത്തെ സൂചിപ്പിക്കുന്നു, ദൈവത്തിന്റെ നീതിയുള്ള നടപടിക്രമം അനുസരിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനാണ് ക്രിസ്തു വന്നത്
  - വെളിച്ചത്തിന്റെ ഫലത്തിന്റെ ആവിഷ്കാരമായ സത്യം, ആത്മാവായ ദൈവത്തെ സൂചിപ്പിക്കുന്നു, എന്തെന്നാൽ അവൻ യാഥാർഥ്യത്തിന്റെ ആത്മാവാണ്

**എഫെ 5:10** (വെളിച്ചത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലും അടങ്ങിയിരിക്കുന്നുവല്ലോ).

| 1 | 2 (തുടർച്ച…) |
|---|---|

എന്താണ് ദൈവത്തിന്റെ സ്വഭാവം? *ദൈവം വെളിച്ചം ആകുന്നു, ദൈവം സ്നേഹം ആകുന്നു* (4:8, 16), *ദൈവം ആത്മാവ് ആകുന്നു* (യോഹ. 4:24) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ആലങ്കാരിക അർഥത്തിലല്ല, പിന്നെയോ ആഖ്യാതപരമായ (predicative) അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അവ ദൈവത്തിന്റെ സ്വഭാവത്തെ കുറിക്കുകയും, വിവരിക്കുകയും ചെയ്യുന്നു.

തന്റെ സ്വഭാവത്തിൽ ദൈവം ആത്മാവും, സ്നേഹവും, വെളിച്ചവുമാണ്. ആത്മാവ്, ദൈവമെന്ന വ്യക്തിയുടെ സ്വഭാവത്തെയും; സ്നേഹം, ദൈവസാരാംശത്തിന്റെ സ്വഭാവത്തെയും; വെളിച്ചം, ദൈവാവിഷ്കാരത്തിന്റെ സ്വഭാവത്തെയും കുറിക്കുന്നു. സ്നേഹവും വെളിച്ചവും, ജീവനായ ദൈവത്തോട് ബന്ധപ്പെട്ടവയാണ്. ആ ജീവൻ ആത്മാവിന്റേതാണ് (റോമ. 8:2). ദൈവവും ആത്മാവും ജീവനും വാസ്തവത്തിൽ ഒന്നാണ്. ദൈവം ആത്മാവാണ്, ആത്മാവ് ജീവനാണ്. ഈ ജീവന്റെ ഉള്ളിൽ സ്നേഹവും വെളിച്ചവുമുണ്ട്. ദിവ്യസ്നേഹം നമുക്ക് പ്രത്യക്ഷമാകുമ്പോൾ, അത് കൃപയായിത്തീരുന്നു. ദിവ്യവെളിച്ചം നമ്മുടെമേൽ പ്രകാശിക്കുമ്പോൾ, അത് സത്യമായിത്തീരുന്നു.

നമുക്ക് ദിവ്യജീവൻ ഉണ്ടാകേണ്ടതിന് (യോഹ. 3:14-16), കർത്താവായ യേശു നമ്മിലേക്ക് കൃപയും സത്യവും കൊണ്ടുവന്നു എന്ന് യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്നു (യോഹ. 1:14, 17). എന്നാൽ, ദിവ്യജീവന്റെ കൂട്ടായ്മ, കൃപയുടെയും സത്യത്തിന്റെയും സ്രോതസ്സ് തന്നെയായ ദിവ്യസ്നേഹത്തിലേക്കും ദിവ്യവെളിച്ചത്തിലേക്കും നമ്മെ കൊണ്ടുവരുന്നു എന്ന് യോഹന്നാന്റെ ലേഖനം അനാവരണം ചെയ്യുന്നു. യോഹന്നാന്റെ ലേഖനം അവന്റെ സുവിശേഷത്തിന്റെ തുടർച്ചയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ, നാം തന്റെ മക്കളായിത്തീരേണ്ടതിന് ദൈവം പുത്രനിൽ നമ്മിലേക്ക് കൃപയും സത്യവുമായി വരുന്നു (യോഹ. 1:12-13); യോഹന്നാന്റെ ലേഖനത്തിൽ, മക്കളായ നാം, പിതാവിന്റെ സ്നേഹത്തിലും വെളിച്ചത്തിലും പങ്കുചേരുവാൻ പിതാവിന്റെ ജീവന്റെ കൂട്ടായ്മയിൽ അവനിലേക്ക് പോകുന്നു. ആദ്യത്തേത്, യാഗപീഠത്തിൽ നമ്മുടെ ആവശ്യം നിറവേറ്റുവാൻ, ദൈവം പ്രാകാരത്തിലേക്ക് പുറത്തു വരുന്നതായിരുന്നു (ലേവ്യ. 4:28-31); രണ്ടാമത്തേത്, പെട്ടകത്തിൽ വച്ച് അവനെ സന്ധിക്കുവാൻ നാം അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുന്നതാണ് (പുറ. 25:22). ദിവ്യജീവന്റെ അനുഭവത്തിൽ ഇത്, മുന്നേറിയതും, ആഴമേറിയതുമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ, പുത്രനിലേക്ക് വിശ്വസിക്കുന്നതിലൂടെ ദിവ്യജീവൻ പ്രാപിച്ചതിന് ശേഷം, യോഹന്നാന്റെ ലേഖനത്തിൽ, ഈ ജീവന്റെ കൂട്ടായ്മയിലൂടെ ഈ ജീവനെ ആസ്വദിക്കുവാൻ നാം മുന്നേറണം.

ദൈവം ആത്മാവാകുന്നു. ഇത് അവന്റെ വ്യക്തിയെയാണ് സൂചിപ്പിക്കുന്നത്. ദൈവം സ്നേഹവും വെളിച്ചവും കൂടിയാണ്. സ്നേഹം അവന്റെ സാരാംശത്തെയും, വെളിച്ചം അവന്റെ ആവിഷ്കാരത്തെയും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ സ്നേഹവും വെളിച്ചവും അവന്റെ ജീവനുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ജീവൻ യഥാർത്ഥത്തിൽ ദൈവം താൻതന്നെയാണ്. ജീവൻ ആത്മാവ് കൂടിയാണ്.

ഈ ജീവൻ വെളിവാക്കപ്പെട്ടപ്പോൾ അത് കൃപയോടും സത്യത്തോടും കൂടെ വന്നു. നാം കർത്താവായ യേശുവിനെ സ്വീകരിച്ചപ്പോൾ നാം ജീവൻ പ്രാപിക്കുകയും, ഇപ്പോൾ നാം കൃപയും സത്യവും ആസ്വദിക്കുകയും ചെയ്യുന്നു. ഈ ജീവൻ നമ്മെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവന്ന് അവന്റെ സ്നേഹവും വെളിച്ചവും ആസ്വദിക്കുവാൻ ഇടയാക്കുന്നു. ആദ്യം, നാം, കൃപയും സത്യവും പ്രാപിക്കുവാൻ ദൈവം നമ്മിലേക്ക് വന്നു. ഇപ്പോൾ നാം പിതാവിങ്കലേക്ക് തിരികെ പോകുകയും കൃപയുടെയും സത്യത്തിന്റെയും ഉറവിടമായ അവനുമായി ബന്ധപ്പെടുകയും ചെയ്യുന്നു, ഈ ഉറവിടം സ്നേഹവും വെളിച്ചവുമാണ്. അതുകൊണ്ട്, ദിവ്യജീവന്റെ കൂട്ടായ്മയിൽ നാം ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരപ്പെടുകയും കൃപയുടെ ഉറവിടമായി അവന്റെ സ്നേഹവും, സത്യത്തിന്റെ ഉറവിടമായി അവന്റെ വെളിച്ചവും നാം ആസ്വദിക്കുകയും ചെയ്യുന്നു.

സ്നേഹത്തെയും വെളിച്ചത്തെയും കുറിച്ചുള്ള ഈ ധാരണ മനുഷ്യന്റെ യുക്തിയിൽ നിന്ന് ഉരുത്തിരിഞ്ഞതല്ല; അത് വചനത്തിലെ ദിവ്യ വെളിപാടിൽ നിന്ന് വരുന്നു. ഈ വെളിപാടിൽ നമ്മുടെ ആസ്വാദനത്തിനായുള്ള നിരവധി കാര്യങ്ങൾ ഉണ്ട്, ഒരു വിരുന്നിലെ അനേകം വിഭവങ്ങൾക്ക് തുല്യമാണിത്. നമുക്ക് ദൈവമുണ്ട്, ദൈവത്തിന്റെ വ്യക്തിയുടെ സ്വഭാവമെന്ന നിലയിൽ ആത്മാവുണ്ട്, ദൈവത്തിന്റെ സാരാംശത്തിന്റെ സ്വഭാവമെന്ന നിലയിൽ സ്നേഹമുണ്ട്, ദൈവത്തിന്റെ ആവിഷ്കാരത്തിന്റെ സ്വഭാവമെന്ന നിലയിൽ വെളിച്ചവുമുണ്ട്. ഈ ദിവ്യകാര്യങ്ങളെല്ലാം നമുക്ക് ഉണ്ടാകുമ്പോൾ, നാം പിതാവായ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരപ്പെട്ടു എന്ന് അർത്ഥമാക്കുന്നു. നാം പിതാവായ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവരപ്പെടുമ്പോൾ, കൃപയുടെ ഉറവിടമായ സ്നേഹമായും സത്യത്തിന്റെ ഉറവിടമായ വെളിച്ചമായും നാം അവനെ കണ്ടുമുട്ടുകയും ആസ്വദിക്കുകയും ചെയ്യുന്നു. ദിവ്യജീവന്റെ കൂട്ടായ്മയിൽ ദിവ്യവെളിച്ചവും ദിവ്യസ്നേഹവും നാം ആസ്വദിക്കുന്നു എന്നത് എത്ര ആശ്ചര്യകരമാണ്! അങ്ങനെ, നമ്മുടെ അനുഭവത്തിൽ നമുക്ക് ദൈവത്തിന്റെ സ്വഭാവം ആസ്വദിക്കുവാൻ കഴിയും; അതായത്, ദൈവത്തെ ആത്മാവായും സ്നേഹമായും വെളിച്ചമായും നമുക്ക് ആസ്വദിക്കുവാൻ കഴിയും.

Translated from:
**https://www.ministrysamples.org/excerpts/SPIRIT-LOVE-AND-LIGHT.HTML**